നം: ഇ.എക്സ്.എ4/32429/2013/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം-695 012
തീയതി : 23/04/2013

# സർക്കുലർ

വിഷയം:-2013 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കുള്ള അപേക്ഷ രജിസ്റ്റർ ചെയ്യുന്നത് - സംബന്ധിച്ച്

സൂചന:-17/10/2012-ാം തിയതിയിലെ ഇ.എക്സ്/സി.ജനറൽ(1)68664/12/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2013 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയുടെ ഉത്തരക്കടലാസ്സുകളുടെ പുനർമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവക്ക് ഓൺലൈൻ മുഖേന അപേക്ഷകൾ പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapareekshabhavan.in-ൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ 26/4/2013 മുതൽ 30/4/2013 ഉച്ചയക്ക് ഒരു മണി വരെ നടത്താവുന്നതാണ്. പരീക്ഷാർത്ഥികൾ രജിസ്ട്രേഷൻ നടത്തിയതിന്റെ പ്രിന്റ് ഔട്ടും അപേക്ഷാ ഫീസും ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്ററെ ഏപ്രിൽ 30 വൈകുന്നേരം നാലുമണിക്ക് മുമ്പ് ഏല്പിക്കേണ്ടതാണ്. ഉത്തരക്കടലാസുകളുടെ പുന:മൂല്യനിർണ്ണയത്തിന് പേപ്പർ ഒന്നിന് 400/- രൂപ, ഫോട്ടോകോപ്പിക്ക് 200/- രൂപ, സ്ക്രൂട്ടിണിക്ക് 50/- രൂപ എന്ന നിരക്കിലാണ് ഫീസ് അടക്കേണ്ടത്. പുന:മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുന്ന പേപ്പറുകളുടെ സ്ക്രൂട്ടിണിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. **ഐ.ടി. വിഷയത്തിന് പുനഃമൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവ ഉണ്ടായിരിക്കുന്നതല്ല.** ഹെഡ്മാസ്റ്റർമാർ ലഭിച്ചിട്ടുള്ള അപേക്ഷകൾ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതും ഫീസ് പണമായി സ്വീകരിച്ച് അപേക്ഷകർക്ക് രസീത് നൽകേണ്ടതുമാണ്. ഏപ്രിൽ 30-ന് ശേഷം ലഭിക്കുന്നതും അപൂർണ്ണമായ വിവരങ്ങൾ അടങ്ങിയതുമായ അപേക്ഷകൾ യാതൊരു കാരണവശാലും ഹെഡ്മാസ്റ്റർമാർ സ്വീകരിക്കുവാൻ പാടുള്ളതല്ല.

പൂന:മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ച പേപ്പറിന് അടച്ച ഫീസ് തിരികെ നൽകുന്നതാണ്. ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭ്യമായവർക്ക് മൂല്യനിർണ്ണയം ചെയ്യാത്ത ഉത്തരങ്ങൾ, സ്കോറുകൾ കൂട്ടിയതിലുള്ള പിശകുകൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതു പരിഹരിക്കുന്നതിന് പരീക്ഷാഭവൻ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. ഉത്തരക്കടലാസിന്റെ ഫോട്ടോകോപ്പി ലഭിച്ചതിനുശേഷം ആദ്യ മൂല്യനിർണ്ണയത്തിൽ പോരായ്മകൾ ഉണ്ടെന്നു ചൂണ്ടിക്കാട്ടി പുന:മൂല്യനിർണ്ണയം നടത്തണമെന്ന് ആവശ്യപ്പെട്ടു സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## <u>ഹെഡ്മാസ്റ്റർമാരുടെ ചുമതലകൾ</u>

ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയ ശേഷം അപേക്ഷകർ സമർപ്പിക്കുന്ന പ്രിന്റ് ഔട്ടിലെ വിവരങ്ങൾ ഹെഡ്മാസ്റ്റർമാർ ഓൺലൈനിൽ വെരിഫൈ ചെയ്യേണ്ടതാണ്. അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഓൺലൈൻ വെരിഫിക്കേഷനും നടത്താവുന്നതാണ്. <u>ഹെഡ്മാസ്റ്റർ ഓൺലൈൻ വെരിഫിക്കേഷൻ നടത്താത്ത അപേക്ഷകൾ പരീക്ഷാഭവനിൽ സ്വീകരിക്കുന്നതല്ല.</u> ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാകുന്ന 30/04/2013-ന് തന്നെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന 3 സ്റ്റേറ്റ്മെന്റുകളുടെ പ്രിന്റൗട്ട് (റീവാല്യുവേഷൻ, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി) എടുത്ത് ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ് counter sign ചെയ്തതിന് ശേഷം മേയ് 3-നു ലഭിക്കത്തക്ക വിധത്തിൽ സ്പീഡ് പോസ്റ്റായി സൂപ്രണ്ട്, എ-സെക്ഷൻ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-695 012 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

അപേക്ഷകരിൽ നിന്നും പുന:മൂല്യനിർണ്ണയം, ഫോട്ടോകോപ്പി, സ്ക്രൂട്ടിണി എന്നിവയ്ക്കായി സ്വീകരിക്കുന്ന ഫീസ് രേഖപ്പെടുത്തുന്നതിനായി ഒരു രജിസ്റ്റർ ഓരോ സ്കൂളിലും സൂക്ഷിക്കേണ്ടതും ഇത് ആവശ്യപ്പെടുമ്പോൾ പരിശോധനയ്ക്കായി നൽകേണ്ടതുമാണ്. പരീക്ഷാർത്ഥിക്ക് പുന;മൂല്യനിർണ്ണയത്തിൽ ഉയർന്ന ഗ്രേഡ് ലഭിച്ചാൽ ആ പേപ്പറിന് അടച്ച ഫീസ് തിരികെ നൽകേണ്ടതാണ്. 28/9/2012-ാം തിയതിയിലെ സർക്കാർ ഉത്തരവ് നം.4611/2012/പൊ.വി.വ. പ്രകാരം ഉത്തരക്കടലാസു കളുടെ പുനർമൂല്യനിർണ്ണയത്തിന് ലഭിച്ച തുകയിൽ ഗ്രേഡിന് മാറ്റം വന്ന കേസുകൾക്കുള്ള തുക തിരിച്ചു നൽകിയതിനുശേഷം ബാക്കി ലഭിക്കുന്ന തുക ഹെഡ്മാസ്റ്റർ 0202-01-102-99 Other receipts എന്ന കണക്കു ശീർഷകത്തിൽ ചെലാൻ മുഖേന അടക്കേണ്ടതും ആയതിന്റെ ഫോട്ടോകോപ്പി (സ്വയം സാക്ഷ്യപ്പെടുത്തിയത്) ഈ സർക്കുലറിനൊപ്പമുള്ള സ്റ്റേറ്റുമെന്റ് സഹിതം 31/5/2013-നകം രജിസ്റ്റേർഡ് പോസ്റ്റായി പരീക്ഷാഭവൻ എ-സെക്ഷൻ സൂപ്രണ്ടിന്റെ പേർക്ക് അയച്ചുതരേണ്ടതാണ്. പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി ഇനങ്ങളിലായി ശേഖരിക്കുന്ന ഫീസ് തുക യാതൊരു കാരണവശാലും 31/05/2013-നു ശേഷം കൈവശം സൂക്ഷിക്കുവാൻ പാടുള്ളതല്ല. 31/05/2013-നകം തുക അടക്കുന്നതിൽ വീഴ്ച വരുത്തുന്നവരിൽ നിന്നും 18% പലിശ സഹിതം തുക ഈടാക്കുന്നതും ബന്ധപ്പെട്ട ഹെഡ്മാസ്റ്ററുടെ പേരിൽ യുക്തമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. തങ്ങളുടെ സ്കൂളിൽ നിന്നും പുനർമൂല്യനിർണ്ണയം, സ്ക്രൂട്ടിണി, ഫോട്ടോകോപ്പി എന്നിവയ്ക്ക് അപേക്ഷകർ ഇല്ലായിരുന്നുവെങ്കിൽ അക്കാര്യം വ്യക്തമാക്കി ഒരു ശൂന്യറിപ്പോർട്ടും അയക്കേണ്ടതാണ്.

## ഹെഡ്മാസ്റ്റർമാർ അപേക്ഷ വെരിഫൈ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. പരീക്ഷാഭവന്റെ വെബ്സൈറ്റായ www.keralapareekshabhavan.in-ൽ പ്രവേശിച്ച് HM login എന്ന link click ക്ലിക്ക് ചെയ്യുക. ആദ്യതവണ സ്കൂൾ കോഡ് തന്നെ പാസ്‌വേർഡായി ഉപയോഗിക്കുക. (പാസ്‌വേർഡ് മാറ്റിയിട്ടുണ്ടെങ്കിൽ ആ പാസ്‌വേർഡ് ഉപയോഗിക്കുക) login ചെയ്ത് പാസ്‌വേർഡ് നിർബന്ധമായും മാറ്റേണ്ടതാണ്. (ഒരു പ്രാവശ്യം പാസ്‌വേർഡ് മാറ്റിയവർ പിന്നെ മാറ്റേണ്ടതില്ല)
2. തുടർന്ന് login ചെയ്ത് പ്രവേശിപ്പിക്കുമ്പോൾ Revaluation/Photocopy/Scrutiny എന്നിവയ്ക്ക് ആ സ്കൂളിൽ അപേക്ഷിച്ച മുഴുവൻ അപേക്ഷകളുടെയും ലിസ്റ്റ് ലഭ്യമാകും. വിദ്യാർത്ഥികൾ പ്രിന്റ്ഔട്ട് എടുത്ത് സമർപ്പിച്ച അപേക്ഷകൾ ഇതുമായി ഒത്തു നോക്കി ശരിയാണോ എന്ന് ഉറപ്പ് വരുത്തിയതിനു ശേഷം ഓരോന്നായി വെരിഫൈ ചെയ്യണം. ഒരിക്കൽ വെരിഫൈ ചെയ്താൽ പിന്നെ ആ അപേക്ഷയിൽ മാറ്റം വരുത്താൻ സാധിക്കുന്നതല്ല.
3. "Verification Button" ക്ലിക്ക് ചെയ്യുമ്പോൾ ആ സ്കൂളിൽ നിന്ന് റീവാലുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ചിട്ടുള്ളവരുടെ ലിസ്റ്റ് കാണാനും അതിൽ പരീക്ഷാർത്ഥിയുടെ രജിസ്റ്റർ നമ്പർ, പേര് തുടങ്ങിയവ വെരിഫൈ ചെയ്തോ ഇല്ലയോ എന്ന സ്റ്റാറ്റസ് അറിയുവാനും കഴിയും. ഓരോ പരീക്ഷാർത്ഥിയുടേയും പേരിന് നേരേ കാണുന്ന "View Button"-ൽ ക്ലിക്ക് ചെയ്ത് ആ പരീക്ഷാർത്ഥി റീവാലുവേഷൻ/ഫോട്ടോകോപ്പി/സ്ക്രൂട്ടിണി എന്നിവയ്ക്ക് അപേക്ഷിച്ച വിഷയങ്ങൾ ഏതെല്ലാമാണ് എന്ന് പരിശോധിക്കാൻ സാധിക്കും. അതിന് ശേഷം പരീക്ഷാർത്ഥി സമർപ്പിച്ചിട്ടുള്ള അപേക്ഷയുടെ പ്രിന്റ് ഔട്ടും സ്ക്രീനിൽ കാണുന്ന അപേക്ഷിച്ചിട്ടുള്ള വിഷയങ്ങളും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. അതിന് ശേഷം വെരിഫൈ ബട്ടൺ ക്ലിക്ക് ചെയ്ത് അപേക്ഷ വെരിഫൈ ചെയ്യാവുന്നതാണ്. ഒരിക്കൽ വെരിഫൈ ചെയ്ത അപേക്ഷയിൽ പിന്നീട് മാറ്റം വരുത്താൻ സാധിക്കുകയില്ല. അപേക്ഷിച്ച വിഷയങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ വെരിഫൈ ചെയ്യുന്നതിന് മുമ്പ് അപേക്ഷകർ തന്നെ മാറ്റം വരുത്തേണ്ടതാണ്.

4. “റിപ്പോർട്ട് ബട്ടൺ” ക്ലിക്ക് ചെയ്യുമ്പോൾ റീവാലുവേഷൻ/ ഫോട്ടോകോപ്പി/ സ്ക്രൂട്ടിണി എന്നിവക്കായി ആ സ്കൂളിൽ നിന്നും അപേക്ഷിച്ച പരീക്ഷാർത്ഥി കളുടെ റിപ്പോർട്ടും ഇതിന്റെയെല്ലാം Abstract അടങ്ങുന്ന മറ്റൊരു റിപ്പോർട്ടും എടുക്കാനുള്ള ബട്ടണുകൾ കാണാൻ സാധിക്കും. മേൽപ്പറഞ്ഞ ബട്ടൺ ക്ലിക്ക് ചെയ്താൽ റിപ്പോർട്ട് കാണാവുന്നതും “Click here to print” എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് റിപ്പോർട്ട് പ്രിന്റ് എടുക്കാവുന്നതുമാണ്.
5. അപേക്ഷകൾ സ്കൂളിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ ഹെഡ്മാസ്റ്റർമാർ ഓൺലൈൻ വെരിഫിക്കേഷനും നടത്തി തീർക്കേണ്ടതാണ്.

**സെക്രട്ടറി**

## SSLC EXAMINATION MARCH 2013 – DETAILS OF REVALUATION, PHOTOCOPY AND SCRUTINY OF ANSWER SCRIPTS

## ABSTRACT

**Name of School :**
**School Code :**

**Educational District:**

| | |
|---|---|
| Number of application received for Revaluation | |
| Number of application received for Photocopy | |
| Number of application received for Scrutiny | |
| Amount of fee collected for Revaluation (   x 400) | |
| Amount of fee collected for Photocopy (  x200) | |
| Amount of fee collected for Scrutiny (  x50) | |
| **Total fee collected in the Centre** | |
| Fee refunded to applicant who secured higher grade in revaluation (     x400)<br>*** Fee to be refunded to candidate only after the receipt of revised certificate** | |
| Balance Amount Rs. | |
| Chalan Number, Date and Name of Treasury | |

**Name and Signature of Head of Institution**

(Office seal)